(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പാക്കിയിരുന്ന പ്രത്യാശ വിവാഹ ധനസഹായ പദ്ധതി 2000 പേർക്കായി നിജപ്പെടുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ സംസ്ഥാനത്ത് 1647 പേർക്ക് 4,11,75,000 രൂപയും 2014-15 വർഷത്തിൽ 353 പേർക്ക് 88,25,000 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ 386 പേർക്ക് 25,000 രൂപ വീതം സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട് എന്ന കമ്പനിയും ചേർന്ന് ആകെ 1,93,00,000 രൂപ അനുവദിച്ചിട്ടുണ്ട്. അർഹരായവരുടെ മേൽവിലാസം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്ക് അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിച്ച് കഴിഞ്ഞതിനാൽ നിലവിൽ ധനസഹായം നൽകുന്നില്ല. പുതിയ പ്രായോജകരെ കണ്ടെത്തുന്ന മുറയ്ക്ക് പദ്ധതി പുനരാരംഭിക്കുന്നതാണ്.

ഷീ ടാക്സി

260 (3240) **ശ്രീ. കെ. എം. ഷാജി :**
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം ആവിഷ്കരിച്ച ഷീ ടാക്സി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് (ഷീ ടാക്സി ഓടിക്കുന്നവർ) വ്യക്തമാക്കുമോ ;

(സി) ഗുണഭോക്താക്കൾക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാൻ ഉതകുന്ന പരിഷ്കരണ നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനം ആവിഷ്കരിച്ച ഷീ ടാക്സി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ ഷീ ടാക്സി ഓടിക്കുന്ന 45 ഗുണഭോക്താക്കളുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗുണഭോക്താക്കൾക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാൻ ഉതകുന്ന പരിഷ്കരണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഷീ ടാക്സി പദ്ധതി നിലവിൽ നടപ്പിലാക്കുന്നത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലാണ്. അതിനാൽ കൂടുതൽ വരുമാനം ഉറപ്പാക്കുന്നതിനായും സ്ഥിര വരുമാനം കിട്ടുന്നതിനും ടെക്നോപാർക്ക്, സൈബർപാർക്ക്, ഇൻഫോപാർക്ക് എന്നിങ്ങനെയുള്ള ഐ.ടി. കമ്പനികളിലും ആശുപത്രികൾ, ഓഫീസുകൾ, ടൂറിസ്റ്റ് കേന്ദ്രങ്ങൾ എന്നിവിടങ്ങളിലും കൂടുതൽ ഓട്ടങ്ങൾ കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വിവിധ കമ്പനികളിലെ പരസ്യങ്ങൾ കിട്ടുന്ന മുറയ്ക്ക് ടാക്സിയിൽ പരസ്യം പ്രദർശിപ്പിക്കുകയും ആയതിൽ നിന്നും വരുമാനം പ്രതീക്ഷിക്കുന്നുമുണ്ട്.

ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ ക്ഷേമത്തിനും സുരക്ഷയ്ക്കുമുള്ള പദ്ധതി

261 (3241) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ് വയസ്സിന് താഴെയുള്ള കുട്ടികളുടെ വിദ്യാഭ്യാസം, പോഷകാഹാര വിതരണം, പകർച്ചവ്യാധികൾ തടയൽ തുടങ്ങിയവയ്ക്ക് സാമൂഹ്യനീതി വകുപ്പ് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്നറിയിക്കുമോ ;

(ബി) ഇത്തരത്തിലുള്ള ഓരോ പദ്ധതികൾക്കുമായി 2014-15 സാമ്പത്തിക വർഷം എത്ര തുക നീക്കിവച്ചിരുന്നു ; ആയതിൽ നാളിതുവരെ എത്ര തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ആറുവയസ്സിന് താഴെയുള്ള കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ, പീഡനങ്ങൾ തുടങ്ങിയവ നാൾക്കുനാൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ 2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ പീഡനത്തിനും അതിക്രമങ്ങൾക്കും വിധേയരായ കുട്ടികൾ എത്ര ; ഇതിൽ മരണപ്പെട്ടവർ എത്ര ; ഇവരിൽ സർക്കാർ സഹായത്തോടെ പുനരധിവസിപ്പിക്കപ്പെട്ടവർ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ഇ) പ്രസ്തുത കാലയളവുകളിൽ പോഷകാഹാരക്കുറവുമൂലവും പകർച്ച വ്യാധിമൂലവും മരണപ്പെട്ട കുട്ടികൾ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(എഫ്) അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും ഇരകളായ കുട്ടികളുടെ കേസുകളിൽ ഇനി എത്രയെണ്ണത്തിൽ പ്രതികളെ കണ്ടെത്തുവാനുണ്ട് ; വിശദാംശം ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly